"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതിയിൽ സംസ്ഥാന വിഹിതം അനുവദിക്കുന്നതിനായി 2024-25 ബജറ്റ് വിഹിതത്തിൽ നിന്നും 100 കോടി രൂപ ലൈഫ് മിഷന്റെ PSTSB അക്കൗണ്ടിലേയ്ക്ക് അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1622/2024/LSGD തീയതി,തിരുവനന്തപുരം, 03-09-2024

---

പരാമർശം:-

1. സ.ഉ( സാധാ) 764/2024/തസ്വഭവ തീയതി 20/04/2024
2. സ.ഉ( സാധാ)1289/2024/തസ്വഭവ തീയതി 17/07/2024
3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23/07/2024 ലെ എൽ.എം1/2288/ഫിൻ/2023 നമ്പർ കത്ത്

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷന്റെ ബജറ്റ് വിഹിതത്തിൽ നിന്ന് നഗര/ ഗ്രാമീണ മേഖലകളിലെ ഭവന നിർമ്മാണത്തിനായി, 4217-60-051-95 ലൈഫ് പദ്ധതി (നഗരം) ശീർഷകത്തിൽ 192 കോടി രൂപയും, 4515-00-102-49 ലൈഫ് പദ്ധതി (ഗ്രാമം) ശീർഷകത്തിൽ 500 കോടി രൂപയും വിലയിരുത്തിയിരുന്നു. പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം നടപ്പ സാമ്പത്തിക വർഷം 4217-60-051-95- ലൈഫ് പദ്ധതി (നഗരം) ശീർഷകത്തിൽ നിന്ന് 27 കോടി രൂപയും, 4515-00-102-49 ലൈഫ് പദ്ധതി (ഗ്രാമം) എന്ന ശീർഷകത്തിൽ നിന്ന് 20.36 കോടി രൂപയും അനുവദിച്ച നൽകിയിരുന്നു. ഈ വർഷം ഇതുവരെ കരാർ വച്ചിട്ടുള്ള **96,921** ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതം നൽകുന്നതിനായി 200 കോടി രൂപ 4515-00-102-49 ലൈഫ് പദ്ധതി (ഗ്രാമം) എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കണമെന്ന് പരാമർശം 3 പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ഒരു ലക്ഷം രൂപ വീതം സംസ്ഥാന വിഹിതം നൽകുന്നതിനായി, 4515-00-102-49 (സമ്പൂർണ്ണ ഭവന പദ്ധതി - ഗ്രാമം) എന്ന ശീർഷകത്തിൽ നിന്നും 100 കോടി രൂപ ലൈഫ് മിഷന്റെ തിരുവനന്തപുരം ജില്ല ട്രഷറിയിലുള്ള PSTSB അക്കൗണ്ട് നമ്പർ 799012700001688 ൽ അനുവദിച്ച

നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

കോ -ഓഡിനേറ്റർ, നവകേരളം കർമ്മപദ്ധതി, ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്ച്യു, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

ധനകാര്യ( വനിത ശിശു) വികസന വകുപ്പ് (WCD-3/160/2024-FIN) പ്രകാരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 05-09-2024 10:37:15

സെക്ഷൻ ഓഫീസർ